Draft #4 of File 18000/AD A5-2/2020/REG SECT Approved by ASSISTANT REGISTRAR II (ADMIN) on 01-Sep-2021 11:13 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവ്വകലാശാല പഠനവകുപ്പുകളിലെ ഗസ്റ്റ് അദ്ധ്യാപകരുടെ ജോലി സമയം ക്രമീകരിക്കൽ - വേതനം പരിഷ്ക്കരിക്കൽ - മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി ടീച്ചേഴ്സ് അസോസിയേഷന്റെ നിവേദനം പരിഗണിച്ചുള്ള സിൻഡിക്കേറ്റ് സ്റ്റാഫ് ഉപസമിതി ശുപാർശ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 5 സെക്ഷൻ**

നമ്പർ. 4291/AD A 5/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 01.09.2021

---

*പരാമർശം:*-1. 28.05.2020ൽ മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി ടീച്ചേഴ്സ് അസോസിയേഷൻ സമർപ്പിച്ച നിവേദനം

2. യുജിസി കത്ത് നം. No.F.25 -1 / 2018 (PS / MISC ) Dated 28/01/2019 (Revised)

3. സർക്കാർ ഉത്തരവ് GO (Rt) No .1293/ 2018/H.Edn,. .Dated : 04/07/2018

4. 2021 ആഗസ്റ്റ് മാസം 12 -ന് കൂടിയ സിൻഡിക്കേറ്റ് സ്റ്റാഫ് ഉപസമിതിയുടെ നടപടിക്രമങ്ങളുടെ ചുരുക്കം ഇനം നമ്പർ 18000/ADA5-2/2020/REG

**ഉത്തരവ്**

മഹാത്മാഗാന്ധി സർവകലാശാലാ ടീച്ചേഴ്സ് അസോസിയേഷൻ പരാമർശം 1) പ്രകാരം സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലെ ഗസ്റ്റ്/ വിസിറ്റിംഗ് അധ്യാപകരുടെ വേതനം സംബന്ധിച്ച് സർവ്വകലാശാല അനുവർത്തിച്ച് വരുന്ന ഒരു സെഷൻ ഒന്നര മണിക്കൂർ എന്നതിന് വ്യക്തമായ സർവ്വകലാശാല ഉത്തരവുകൾ നിലവിലില്ലെന്നും, വിവിധ കോഴ്സുകളുടെ ടൈം ടേബിളിൽ ഒരു മണിക്കൂർ എന്ന നിലയിലാണ് ഒരു ലെക്ച്ചർ ചിട്ടപ്പെടുത്തിയിരിക്കുന്നതെന്നും ആ രീതിയിൽ വേതനം കണക്കാക്കി യുജിസി മാനദണ്ഡപ്രകാരമുള്ള ഒരു ലെക്ച്ചറിന് 1500/- രൂപ നിരക്കിൽ പരമാവധി പ്രതിമാസം 50000/- രൂപയെന്നു നിശ്ചയിക്കണമെന്നും ആവശ്യപ്പെട്ട് നിവേദനം സമർപ്പിക്കുകയുണ്ടായി. ഗസ്റ്റ് അധ്യാപകരുടെ നിയമനം, സേവന വേതന വ്യവസ്ഥകൾ എന്നിവ സംബന്ധമായി സർവ്വകലാശാല നിലവിൽ അനുവർത്തിച്ചു വരുന്ന രീതി വിശദമാക്കി, വൈസ് ചാൻസലറുടെ ഉത്തരവിൻ പ്രകാരം ടി വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനക്ക് സമർപ്പിക്കുകയുണ്ടായി.

2021 ഓഗസ്റ്റ് മാസം 12ന് കൂടിയ സിൻഡിക്കേറ്റിന്റെ സ്റ്റാഫ് ഉപസമിതി യോഗം ടി വിഷയം പരിഗണിച്ച് ചുവടെ ചേർക്കുന്ന ശുപാർശകൾ സമർപ്പിക്കുകയുണ്ടായി.

സർവ്വകലാശാല പഠന വകുപ്പുകളിലെ ഗസ്റ്റ് അദ്ധ്യാപകരുടെ നിയമനത്തിനായി യു.ജി.സി-യുടെ 28.01.2019 ലെ No.F.25-1/2018 (PS/MISC) നമ്പർ പരാമർശം 2) കത്ത് പ്രകാരം താഴെ പറയുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് ഒരു സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

i. The Vice Chancellor or his/her nominee shall be the Chairperson of the selection Committee.

ii. One expert in the concerned subject nominated by the Vice Chancellor.

iii. Dean of the concerned Faculty: wherever applicable.

iv. Head/Chairperson of the Department/ School

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

സർവ്വകലാശാലാ പഠനവകുപ്പിലെ ഗസ്റ്റ് അദ്ധ്യാപകരുടെ വേതനം 04.07.2018ലെ GO(Rt) No.1293/2018/H.Edn ഉത്തരവ് പ്രകാരം താഴെ പറയുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് നിശ്ചയിക്കുന്നതിനും ശുപാർശ ചെയ്യുന്നു.

a. UGC Qualified hands Rs.1750/-per day subject to a maximum of Rs.43,750/- in a month on daily wage basis.

b. Non UGC hands Rs.1600/-per day subject to a maximum of Rs.40,000/- in a month on daily wage basis.

c. The work load, teaching hours etc. shall be in accordance with the existing norms applicable to regular teachers.

സിൻഡിക്കേറ്റ് സ്റ്റാഫ് ഉപസമിതിയുടെ മേൽ ശുപാർശകൾ സർവ്വകലാശാലാ ആക്ട് 1985, ചാപ്റ്റർ 3- സെക്ഷൻ 10(17) പ്രകാരമുള്ള സവിശേഷ അധികാരമുപയോഗിച്ച് വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബിജു എം എസ്

അസിസ്റ്റന്റ് രജിസ്ട്രാർ 2 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. എല്ലാ പഠന വകുപ്പ് മേധാവികൾ / സെന്റർ കോഓർഡിനേറ്റർമാർ
2. വി.സി./ പി.വി.സി. എന്നിവരുടെ പി.എസ്.മാർ
3. രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
4. ഓഡിറ്റ്/ ഫിനാൻസ്/ എഡി ഡി./ ബജറ്റ് സെക്ഷനുകൾ
5. ജെ. ആർ. I/ ഡി. ആർ. II / എ. ആർ. II (ഭരണം)
6. ജെ.ആർ./ ഡി. ആർ./ എ.ആർ. (ഫിനാൻസ് )
7. ജോയിന്റ് ഡയറക്ടർ, കെ.എസ്.എ. ഡി.
8. എഡി എ 2 /എഡി എ 7/ എഡി എ 9 / എഡി എ 11/ എസി. സി
9. ഓഡിറ്റ് 1 /ഓഡിറ്റ് 5
10. അക്കൗണ്ട്സ് 1/അക്കൗണ്ട്സ് 3
11. ജനറൽ ക്യാഷ്
12. സിറ്റാഡ്/ കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ/ ഐ.ക്യു.എ.സി
13. റെക്കോർഡ്സ്/ സ്റ്റോക് ഫയൽ/ ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #4 of File 18000/AD A5-2/2020/REG SECT Approved by ASSISTANT REGISTRAR II (ADMIN) on 01-Sep-2021 11:13 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം